കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കില-മാനവ വിഭവ ശേഷി വികസന കേന്ദ്രം (കില-സി.എച്ച്.ആർ.ഡി.) കൊട്ടാരക്കര — 2018 - 19 സാമ്പത്തിക വർഷത്തിലെ കേന്ദ്ര ആവർത്തന ഗ്രാന്റിന്റെ രണ്ടാം ഗഡു - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.ബി) വകുപ്പ്

സ.ഉ. (സാധാ) നം.780/2019/തസ്വഭവ. തിരുവനന്തപുരം, തീയതി, 31.03.2019

---

പരാമർശം:- 1. കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ 29.01.2019-ലെ J-12023/01/2018-Trg നമ്പർ കത്ത്.
2. കില ഡയറക്ടറുടെ 20.03.2019- ലെ 2018/101/4157/സി.എച്ച്.ആർഡി. നമ്പർ കത്ത്.
3. പഞ്ചായത്ത് ഡയറക്ടറുടെ 20.03.2019 ലെ PAN/2470/2019-J5 (DP) നമ്പർ കത്ത്.
4. 30.03.2019 ലെ സ.ഉ. (സാധാ) നം. 776/2019/തസ്വഭവ നമ്പർ ഉത്തരവ്.

**ഉത്തരവ്**

പരാമർശം (1)- ലെ കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ ഉത്തരവ് പ്രകാരം 2018-19- ലെ ആവർത്തന ഗ്രാന്റിനത്തിൽ 97.20 ലക്ഷം രൂപ രണ്ടാം ഗഡുവായി അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ തുല്യമായ സംസ്ഥാന വിഹിതമായ 70.14 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി പരാമർശം (2) പ്രകാരം കില ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാർ അനുമതിയ്ക്കായി ലഭ്യമാക്കിയിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേന്ദ്ര ഗ്രാമവികസന മന്ത്രാലത്തിന്റെ കത്തിലെ വ്യവസ്ഥകൾക്കും മാനദണ്ഡങ്ങൾക്കും അനുസൃതമായി, കേന്ദ്ര വിഹിതം 2019 മാർച്ച് 31-നകം ഉപയോഗിക്കണമെന്നും ഉപയോഗിക്കാതെ അവശേഷിക്കുന്ന തുക 2019 മാർച്ച് 31-നകം കേന്ദ്ര സർക്കാരിലേക്ക് സറണ്ടർ ചെയ്യണമെന്നുള്ള ഉപാധികളോടെ, കൊട്ടാരക്കരയിലെ കില-മാനവ വിഭവ ശേഷി വികസന കേന്ദ്രത്തിന് (കില-സി.എച്ച്.ആർ.ഡി) സംസ്ഥാന ബഡ്ജറ്റിൽ 2515-00-102-32 (പ്ലാൻ) എന്ന ശീർഷകത്തിൽ സംസ്ഥാന വിഹിതമായി വകയിരുത്തിയിട്ടുള്ള 145 ലക്ഷം രൂപയിൽ അവശേഷിക്കുന്ന രണ്ടാമത്തെ ഗഡുവായ 70.14 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(തുടർച്ച...............2)

(3). കേന്ദ്രവിഹിതത്തിന് ആനുപാതികമായി സൂചന (4) ഉത്തരവു പ്രകാരം അനുവദിച്ച ഒന്നാം ഗഡു സംസ്ഥാന വിഹിതവും ഇപ്പോൾ അനുവദിക്കുന്ന രണ്ടാം ഗഡു സംസ്ഥാന വിഹിതവും റിലീസ് ചെയ്യുന്നതിനായി അടുത്ത സാമ്പത്തിക വർഷം പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്.

(4). പരാമർശം (4) പ്രകാരമുള്ള സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനില്ക്കുന്നതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**ശ്രീകല സി.എസ്**
**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം,
ഡയറക്ടർ, കില – സി.എച്ച്.ആർ.ഡി., കൊട്ടാരക്കര
ഡയറക്ടർ, കില, തൃശ്ശൂർ
ധനകാര്യ (ഡെവലപ്പ്മെന്റ്) വകുപ്പ് - (31.03.2019 ലെ No:DEV-3/55/2019-Fin -Computer No. 1140581 പ്രകാരം)
അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ/ജി&എസ്എസ്എ),കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ